**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2718** **17-03-2022 - ൽ മറുപടിയ്ക്ക്**

**പറവൂർ സഹകരണ ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പറവൂർ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1759-മായി ബന്ധപ്പെട്ട ക്രമക്കേടുകളുടെ പരാതിയിൻമേൽ ഏന്തെല്ലാം അന്വേഷണങ്ങളാണ് നടക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | പറവൂർ സഹകരണ ബാങ്കിനെതിരെ ബിനാമി ഭൂമി ഇടപാട്, ആദായനികുതി ഇടപാട് എന്നീ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 66 (2) പ്രകാരം പരിശോധന നടത്തുന്നതിന് ഉത്തരവാകുകയും പ്രസ്തുത അന്വേഷണം നടന്നു വരികയുമാണ്. |
| (ബി) | പ്രസ്തുത ബാങ്കിലെ 2013 മുതൽ ആദായ നികുതി വകുപ്പുമായി ബന്ധപ്പെട്ട് നടന്ന ഇടപാടുകളിൽ വന്ന ക്രമക്കേടുകളുടെ അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | പ്രസ്തുത ബാങ്കിലെ ആദായ നികുതി ഇടപാടുകളുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സഹകരണ നിയമം വകുപ്പ് 66 (2) പ്രകാരമുള്ള പരിശോധനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | 2016, 2017, 2018 വർഷങ്ങളിൽ ബാങ്കിലെ സ്വർണ്ണ പണ്ട പണയം ലേല നടപടികളിൽ എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടോ; ഇതു സംബന്ധിച്ച് അന്വേഷണത്തിന്റെ വിവരങ്ങൾ വ്യക്തമാക്കുമോ? | (സി) | പ്രസ്തുത ബാങ്കിലെ സ്വർണ്ണപ്പണയ വായ്പയ്ക്ക് ഈട് വച്ചിരുന്ന സ്വർണ്ണം ലേലം ചെയ്തത് സംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പറവൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ